പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 3065

15.02.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## മൂന്നാറിലെ അനധികൃതനിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)മൂന്നാറിൽ റവന്യൂഭൂമി പിടിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) മൂന്നാറിൽ റവന്യൂഭൂമി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്ന നടപടികൾ നിയമപരമായി തുടർന്നു വരുന്നു. |
| (ബി)എങ്കിൽ അത് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെടുന്ന അനധികൃത കയ്യേറ്റങ്ങൾ അപ്പോൾ തന്നെ ഒഴിപ്പിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ നടത്തി വരുകയും, താലൂക്ക് തലത്തിലുള്ള ഭൂസംരക്ഷണ സേനയെ ഇക്കാര്യത്തിൽ വിജയകരമായി ഉപയോഗിച്ച് വരുകയും ചെയ്യുന്നു. |
| (സി)പിടിച്ചെടുത്ത റിസോർട്ട് ഹൈക്കോടതിയുടെ ഉത്തരവിന്റെ ഫലമായി തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; | (സി) ധന്യശ്രീ എന്ന് പേരുള്ള ഒരു റിസോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം റിസീവർ ഭരണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഉടുമ്പൻചോല താലൂക്കിൽ ബൈസൺവാലി വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഓക് ഫീൽഡ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന റിസോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 20.09.2012 ലെ ഡബ്ല്യു.പി.(സി) 16748/2008 നമ്പർ കേസിലെ വിധിയുടെ വെളിച്ചത്തിൽ ശ്രീ. എൻ. ആർ. റനീഷ് എന്നയാൾക്ക് പ്രതിമാസം 50,000/ രൂപ വാടക ഈടാക്കി നടത്തിപ്പിന് നൽകിയിട്ടുള്ളതാണ്. |
| (ഡി)എങ്കിൽ, ഇത്തരം ഒരു സാഹചര്യം ഉണ്ടാകാനിടയായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ റിസോർട്ട് കൈമാറിയിട്ടുള്ളത്. |
| (ഇ) സർക്കാരിന്റെ നിബന്ധനകൾ ലംഘിച്ച് മൂന്നാറിൽ ഇപ്പോഴും നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതു തടയുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ഇ) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ